സ്കാർലെറ്റ് സെന്റ് ക്ലെയറിന്റെ എ ടച്ച് ഓഫ് ഡാർക്ക്നെസ്സ് എന്ന ഫാന്റസി നോവലിന്റെ ആസ്വാദനം ........
ചാപ്റ്റർ 2.... നെവർ നൈറ്റ് ( Never Night )
**********************************************************************************************

രണ്ടാമധ്യായം തുടങ്ങുന്നതിനു മുൻപ് ഞാൻ കണ്ട ഒരു ദേവതയെ പരിചയപ്പെടുത്തട്ടെ . ഹീരാ എന്നാണ് അവരുടെ പേര് .ദേവന്മാരുടെ രാജാവായ സ്യൂസിന്റെ പത്നി . അവൾ സ്യൂസിന്റെ സഹോദരിയും ആണ്. സാക്ഷാൽ പെണ്ണുപിടിയനായ (womanizer) സ്യൂസുമായി ബന്ധപ്പെടുന്ന സ്ത്രീകളെയും, അവർക്ക് സ്യൂസിൽ ജനിക്കുന്ന മക്കളെയും കഠിനമായി ഉപദ്രവിച്ചു കൊല്ലുമായിരുന്നു ഹീരാ. .ഹോസ്റ്റിയ,ഡെമറ്റർ ,ഹെയ്ഡിസ്, പൊസൈഡൻ എന്നിങ്ങനെ നിരവധി സഹോദരങ്ങൾ .സിംബൽ അഥവാ പ്രതീകം മയിൽ ആണ്. മയിലിന് അനേകം കണ്ണുകൾ ഹീര കൊടുത്തത് സ്യൂസിന്റെ പ്രണയിനികളെ കണ്ടുപിടിക്കാനായിരുന്നു . ഷി ഈസ് ദി ക്വീൻ ഓഫ് ദി 12 ഒളിംപിയൻസ് ആൻഡ് മൗണ്ട് ഒളിമ്പസ് .ക്രോണസ്സിന്റെയും റിയയുടെയും മകൾ .

(വിക്കിപീഡിയ )

വലിയ ക്ലബ്ബ്കളിൽ പോകുമ്പോൾ ഭംഗിയായ വസ്ത്രധാരണം അത്യാവശ്യമാണ് .ലക്സായുടെ മനോഹരമായ ഒരു ഫ്രോക്ക് പെർസെഫനി കടം വാങ്ങിയിരുന്നു. ലക്സായേക്കാൾ ഉയരമുള്ള പെർസ്ഫെനിക്ക് ആ ഫ്രോക്ക് കാൽമുട്ടുകൾക്ക് വളരെ മുകളിൽ എത്തി നിൽക്കുകയായിരുന്നു. എങ്കിലും തിളങ്ങുന്ന ആ മനോഹരമായ ഫ്രോക്ക് അവൾക്ക് നന്നായി ചേരുന്നുണ്ട്. തന്റെ മമ്മായുടെ മാന്ത്രികശക്തി ഹെയ്ഡിസിന് തിരിച്ചറിയാൻ സാധിച്ചാൽ തന്റെ കള്ളത്തരം അയാൾ മനസ്സിലാക്കും .താനൊരു ദേവതയാണെന്ന് അയാൾ തിരിച്ചറിയും .

"എനിക്ക് ഹെയ്ഡിസിനെ കാണണ്ട ലക്സാ" തന്റെ ഫ്രോക്കിനെ താഴേക്ക് വലിച്ചിടാൻ ശ്രമിച്ച് പെർസെഫനി പറഞ്ഞു.

"ഹെയ്ഡിസ് അവിടെ കാണില്ല. വലിയ ക്ലബ്ബ്കൾ നടത്തുന്നത് അതിന്റെ ഉടമസ്ഥർ നിയമിക്കുന്ന ഉദ്യോഗസ്ഥരാണ് .മാത്രമല്ല ക്ലബ്ബ് നിറഞ്ഞു കവിയുകയാവും മനുഷ്യരെ കൊണ്ട്. നമ്മെ അയാൾ കാണുക പോലുമില്ല ,പിന്നല്ലേ തിരിച്ചറിയുന്നത് ."

ഹെയ്ഡിസിനെ കാണണ്ടാ എന്ന് പറഞ്ഞെങ്കിലും അവളുടെ ഉള്ളിന്റെയുള്ളിൽ അയാളെ കാണണം എന്ന് തന്നെ ആയിരുന്നു. അയാൾ മനുഷ്യരോട് കാട്ടുന്ന ദുഷ്ടത ലോകത്തെ അറിയിക്കണം.

പെട്ടെന്ന് ഒരു രാക്ഷസൻ (Ogre ) വന്ന് ക്ലബ്ബിന്റെ വാതിൽ തുറന്നു. മുന്നിൽ നിന്നവർ ഓരോരുത്തരായി ടിക്കറ്റ് രാക്ഷസനെ കാണിച്ച് സെക്യൂരിറ്റി ചെക്ക് കഴിഞ്ഞു അകത്തുകയറി. ഊഴമെത്തിയപ്പോൾ പെർസെഫനിയുടെയും ലക്സായുടെയും ടിക്കറ്റുകളും ബാഗുകളും പരിശോധിച്ച ശേഷം അവരെയും രാക്ഷസൻ അകത്ത് കയറ്റി . മദ്യത്തിന്റെയും സിഗററ്റിന്റെയും വിയർപ്പിന്റെയും കൈപ്പൻ ഓറഞ്ചിന്റെയും നാറ്റത്തിലേക്ക് അവർ കയറി.

പെട്ടെന്ന് ഒരു ഗന്ധം പെർസെഫനിക്ക് കിട്ടി. നാർഷിസസ് പൂക്കളുടെ ഗന്ധം . ഹെയ്ഡിസിന്റെ പൂക്കളുടെ മണമാണല്ലോ . അയാളിവിടെ ഉണ്ടോ? അവൾ ചുറ്റും നോക്കി.

ബാൽക്കണിയോട് ചേർന്ന ഒരു വലിയ ഹാളിലാണ് തങ്ങൾ നിൽക്കുന്നത്..

" വേഗം വരൂ സെഫനി ," ലക്സാ അവളെ ബാറിലേക്ക് വലിച്ച് കൊണ്ടു പോയി. "രണ്ട് മൻഹാട്ടൻസ് " അവൾ ഓർഡർ കൊടുത്തു. പെട്ടെന്ന് പിന്നിൽ നിന്നൊരു പുരുഷ ശബ്ദം .' ഡ്രിങ്ക്സ് ഓൺ മീ '

അവർ തിരിഞ്ഞു നോക്കി. അതിസുന്ദരമായ ഒരു ചെറുപ്പക്കാരൻ. "ഞാൻ അഡോണിസ് ,' അയാൾ സ്വയം പരിചയപ്പെടുത്തി .

ഇതാണോ അഡോണിസ്? പെർസെഫനി അയാളെ ഉറ്റുനോക്കി . ആഫ്രോഡൈറ്റി ദേവിയുടെ മനുഷ്യ കാമുകൻ!!

" വരൂ, എന്റെ ബൂത്തിൽ നിങ്ങൾക്കിരിക്കാൻ സ്ഥലമുണ്ട് " അഡോണിസ് ക്ഷണിച്ചു. അഡോണിസിന്റെ ബൂത്ത് ബാൽക്കണിയെ ഫേസ് ചെയ്താണ് ഇരിക്കുന്നത്.

പെട്ടെന്ന് ആരുമില്ലാതിരുന്ന ആ ബാൽക്കണിയിൽ ഒരു ആൾരൂപം പ്രത്യക്ഷമായി. അയാൾ തന്നെ ഉറ്റുനോക്കുകയാണെന്ന് പെർസെഫനിക്ക് തോന്നി. അയാളുടെ കണ്ണുകളുടെ നിറം അവൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. പക്ഷെ അയാളുടെ നോട്ടം തന്റെ തൊലിയിൽ തീ പടർത്തുന്നത് അവൾ അറിഞ്ഞു. ആറര അടിയോളം നീളം വരും അയാൾക്ക് .കറുത്ത സ്യൂട്ടിൽ അയാൾ അതി സുന്ദരനാണ്. നീളംകുറഞ്ഞ ഫ്രോക്ക് അവൾ വലിച്ച് താഴ്ത്താൻ ഒരു ശ്രമം നടത്തി .അവൾ ഒരുകാൽ മറ്റേക്കാലിന്റെ പുറത്ത് കയറ്റി വച്ചു . ഇപ്പോൾ അയാളുടെ കണ്ണുകൾ അവളുടെ തുടകളിലേക്ക് . Fire pooled low in her stomach .(മിസ് സെൻക്ലെയർ പറയുന്ന ) ഇയാളാരാണ്? ഒരു അപരിചിതന് തന്റെ ശരീരത്തിൽ ഇത്തരമൊരു ഫീൽ ഉണ്ടാക്കാൻ സാധിക്കുന്നതെങ്ങനെ?

പെട്ടെന്ന് പിന്നിലൂടെ മനോഹരമായ രണ്ട് കരങ്ങൾ വന്ന് അയാളെ ചുറ്റി . പെർസെഫനി പെട്ടെന്ന് ലെക്സായുടെ നേർക്ക് തിരിഞ്ഞിരുന്നു . പക്ഷെ അവളുടെ മനസ്സ് ഇതുവരെ തോന്നിയിട്ടില്ലാത്ത അനുഭൂതികളിലേക്ക് ഓടി പകച്ചു. He could fill my emptiness ,feed this fire and end my suffering …..പക്ഷെ അയാൾക്ക് ഒരു കാമുകിയുണ്ട് .

എത്ര ശ്രമിച്ചിട്ടും അയാളെ ഒന്നുകൂടി നോക്കാതിരിക്കാൻ അവൾക്ക് സാധിക്കുന്നില്ല.

“ഹെയ്ഡിസിനെയാണോ തിരയുന്നത്?” അഡോണിസ് കളിയാക്കി. “ അങ്ങേർ മുകളിലെ മുറിയിലാണ് . അവിടെയാണയാൾ മനുഷ്യരുമായി കോൺട്രാക്ടുകൾ ഉണ്ടാക്കു ന്നത്.”

“ എനിക്കൊന്ന് ബാത്റൂമിൽ പോകണം.” ലക്സാ പെർസെഫനിയെ കൂട്ടി ബാത്രൂമിലേക്ക് പോയി. അവിടെ നീണ്ട വരിയിൽ സ്ത്രീകൾ നിൽപ്പുണ്ടായിരുന്നു. പെർസെഫനി ബാത്രൂമിൽ നിന്ന് ഇറങ്ങിയപ്പോൾ ലക്സായെ കാണാനില്ല. സെഫനി ചുറ്റും നോക്കിയിട്ട് മുകളിലെ മുറിയിലേക്കുള്ള സ്റ്റെപ്പുകൾ കയറി. ലക്സാ തന്നെ തിരഞ്ഞു മുകളിൽ പോയിക്കാണും. മുകളിൽ ലക്സാ ഇല്ലായിരുന്നു. അവിടെ അവൾ ഓവൽ ഷെയിപ്പിൽ ഒരു വലിയ മേശയും കസേരകളും കണ്ടു ഒന്നിലിരുന്നു, ലക്സാ തന്നെ കണ്ടുപിടിക്കട്ടെ .

“ ഓ ! നീ ചൂതു കളിക്കുമോ?” ശബ്ദം കേട്ട് അവൾ ഞെട്ടിത്തിരിഞ്ഞു .ബാൽക്കണിയിൽ കണ്ട സുന്ദരൻ!! മിസ് സെൻക്ലെയറിന്റെ ഭാഷയിൽ പറയട്ടെ ‘she turned and met a pair of endless eyes . Her blood heated to an unbearable level .She squeezed her crossed legs together .He was beautiful in a dark way .’

അയാളുടെ ചോദ്യത്തിന് മറുപടിയായി അവൾ പറഞ്ഞു : ‘അയാം വില്ലിങ് ടു പ്ലേയ് ഇഫ് യു ആർ വില്ലിംഗ് ടു ടീച്ച് .’

ചൂതുകളിയുടെ ആശാനായ ഹെയ്ഡിസ് ,അഞ്ച് പ്രാവശ്യം ,കളിയറിയാത്ത പെർസെനിയെ തോല്പിച്ചു . ചമ്മലോടെ ലെക്സയെ കണ്ടുപിടിക്കാൻ ഇറങ്ങിയതും അവളുടെ കൈയിൽ അയാൾ ബലമായി പിടിച്ചു . ‘നില്ക്കു. അങ്ങനെയങ്ങു പോകാതെ .’ ദേഷ്യത്തിൽ കൈ വിട്ടുവിച്ച് അവൾ പടികളിറങ്ങി . ദുഷ്ടൻ ഹെയ്ഡിസ് !! അയാളെന്നെ പറ്റിച്ച് കള്ളക്കളിയിൽ തോല്പിച്ചു !! ഇനി ലക്സായെ കണ്ടുപിടിക്കണം. അപ്പാർട്ട്മെന്റിൽ എത്രയും വേഗം എത്തണം ……The worst part was ,there was a side of her - a side ,she ‘d never known existed until tonight -that wanted to run back inside ,find him and demand a lesson in the anatomy of his body .

**************************************************